TB Movie Panel Weekly Review

**#moviepanel**

# മുന്നറിയിപ്പ്

എഴുതിയത് : ആതിര ചാന്ദിനി പിള്ള

എക്കാലത്തും പ്രസക്തമായ ഒരു പ്രമേയത്തെ ആസ്പദമാക്കി ശ്രീ വേണുവിന്റെ സംവിധാനത്തിൽ 2014 ൽ പുറത്തിറങ്ങിയ ത്രില്ലെർ ഗണത്തിൽ പെടുത്താവുന്ന സിനിമയാണ് മുന്നറിയിപ്പ്.

വ്യക്തി സ്വാതന്ത്ര്യം നിർവചിക്കപ്പെടേണ്ടത് ഒരു പൊതു ബോധത്തെ /പൊതു വികാരത്തെ അടിസ്ഥാനപ്പെടുത്തിയല്ലെന്നും അത് വ്യക്തി താൽപര്യങ്ങൾക്കു അധിഷ്ഠിതമാണെന്നും കാണിച്ചു തരുന്നു സിനിമയുടെ പ്രമേയം.

രാമമൂർത്തി എന്ന പോലീസ് സൂപ്രണ്ടിൻടെ സർവീസ് സ്റ്റോറി എഴുതാനായി നിയോഗിക്കപ്പെടുന്ന അഞ്ജലി അറക്കൽ എന്ന ഫ്രീലാൻഡ് മാധ്യമ പ്രവർത്തക (അപർണ ഗോപിനാഥ്) ജയിലിൽ വച്ച് യാദൃശ്ചികമായി രാഘവൻ (മമ്മൂട്ടി)എന്ന തടവുകാരനെ കാണുന്നു.തന്ടെ ഭാര്യ അടക്കം രണ്ടു സ്ത്രീകളെ കൊലപ്പെടുത്തിയ കുറ്റത്തിന് ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്ന ആളാണ് രാഘവൻ . എന്നാൽ അയാളുടെ രൂപത്തിലോ ഭാവത്തിലോ അത്തരം ലക്ഷണങ്ങളൊന്നും പ്രകടമാകുന്നില്ല.

"ഞാൻ ആരെയും കൊന്നിട്ടില്ല." എന്ന അയാളുടെ തുറന്നു പറച്ചിൽ അഞ്ജലിയെ പോലെ തന്നെ പ്രേക്ഷകരിലും ജിജ്ഞാസ ഉളവാക്കുന്നു. ഒരു പോലീസ് കാരന്റെ സർവീസ് സ്റ്റോറിയെക്കാളും വിപണന മൂല്യം ഒരു കുറ്റവാളിയുടെ ഭൂതകാലത്തിനുണ്ടെന്നു അഞ്ജലി തിരിച്ചറിയുന്നു. രാഘവന്റെ വ്യത്യസ്തമായ പെരുമാറ്റം അഞ്ജലിയെ വീണ്ടും അയാൾക്ക് മുന്നിൽ എത്തിക്കുന്നു. 20 വർഷത്തെ ജയിൽ ജീവിതത്തിലെ അയാളുടെ ആദ്യത്തെ അതിഥി താനാണെന്ന് അഞ്ജലി തിരിച്ചറിയുന്നു. തികച്ചും വ്യത്യസ്തമായ ഉത്തരങ്ങൾകൊണ്ടാണ് അഞ്ജലിയുടെ ഓരോ ചോദ്യത്തെയും അയാൾ അഭിമുഖീകരിച്ചത് .അവിടെ വച്ച് രാഘവൻ തനിക്കേറെ പ്രിയപ്പെട്ട ഡയറി അഞ്ജലിക്ക് കൈമാറുന്നു.അതിൽ നിന്നും അയാളുടെ ജീവിതത്തിന്റെ നിർവ്വചനങ്ങൾ തികച്ചും വ്യത്യസ്തമാണെന്നു അഞ്ജലി മനസിലാക്കുന്നു.
ജീവപര്യന്തം ശിക്ഷ കാലാവധി കഴിഞ്ഞിട്ടും ജയിലിൽ തുടരുന്ന രാഘവനെക്കുറിച്ചു അഞ്ജലി എഴുതുന്ന 'BRAIN BEHIND THE BARS ' എന്ന ലേഖനം ഏറെ ശ്രദ്ധ നേടുന്നു.
ഇതിനു പിന്നാലെ രാഘവന്റെ കഥ ഒരു ബുക്ക് ആയി പബ്ലിഷ്

ചെയ്യുന്നതിനായി GREEN ORANGE എന്ന കോർപ്പറേറ്റ് കമ്പനി അഞ്ജലിയെ സമീപിക്കുന്നു.
അത് പൂർത്തീകരിക്കാൻ രാഘവന്റെ സാന്നിധ്യം ഒരു അവിഭാജ്യ ഘടകമാണെന്ന് തിരിച്ചറിഞ്ഞ അഞ്ജലി രാഘവനെ ജയിലിൽ നിന്നും പുറത്തിറക്കുന്നു.
20 വർഷത്തെ ജയിൽ വാസം കഴിഞ്ഞു പുറത്തിറങ്ങുന്ന ഒരു തടവുകാരനിൽ കണ്ടേക്കാവുന്ന ഒരു ആശ്വാസത്തിനപ്പുറത്തു തനിക്കേറെ പ്രിയപ്പെട്ട ഒരു സ്ഥലം വിട്ടു പോകുന്ന ഒരാളുടെ നിരാശയാണ് രാഘവനിൽ നാം കാണുന്നത്.
എന്നാൽ ജയിൽ മോചിതനാകുന്ന രാഘവനെയും അയാളുടെ ചിന്തകളെയും അഞ്ജലി സ്വാർഥതയുടെ തടവറയിലാക്കുകയാണ്.
സിനിമയുടെ തുടക്കത്തിൽ പേടിയോടെ രാഘവനെ നോക്കുന്ന അഞ്ജലി സിനിമയുടെ പകുതി കഴിയുമ്പോഴേക്കും അധികാര ഭാവത്തിലേക്ക് മാറുകയാണ്.
തന്റെ സഹായത്തോടെ ജയിൽ മോചിതനായ ആൾ തനിക്കു അനുകൂലമായി, വിധേയ മനോഭാവം പ്രകടിപ്പിക്കണമെന്ന നിർബന്ധ ബുദ്ധി പലയിടങ്ങളിലും അഞ്ജലിയുടെ സ്വരത്തിലും നോട്ടത്തിലും നമുക്ക് കാണാം.
പുതിയ സ്ഥലത്തു താമസം തുടങ്ങി ദിവസങ്ങൾ കഴിഞ്ഞിട്ടും ,അഞ്ജലി വാക്ക് പറഞ്ഞു ഉറപ്പിച്ച പോലെ ബുക്ക് പബ്ലിഷ് ചെയ്യുന്നതിന് ഒരു വരിപോലും രാഘവൻ എഴുതാത്തതും ബുക്ക് പബ്ലിഷ് ചെയ്യുന്നതിന് അഞ്ജലിക്ക് കോർപ്പറേറ്റ് കമ്പനി നൽകിയ ഡെഡ്ലൈൻ അടുക്കുന്നതും അഞ്ജലിയെ മാനസിക സമ്മർദ്ദത്തിലാക്കുന്നു.
ഇതേ സമ്മർദ്ദം അഞ്ജലി രാഘവന്റെ മേൽ ചെലുത്തുന്നുണ്ടെങ്കിലും അഞ്ജലിയുടെ പ്രതീക്ഷകൾക്ക് വിപരീതമായി അയാൾ തന്റെ ഭൂതകാലത്തെക്കുറിച്ചു ഒരു വരിപോലും എഴുതുന്നില്ല.
മറ്റു പല മാധ്യമ പ്രവർത്തകരും രാഘവനെ അന്വേഷിച്ചു എത്താൻ തുടങ്ങുന്നതോടെ അഞ്ജലി രാഘവനെ ഒറ്റപ്പെട്ട ഒരു വീട്ടിലേക്കു മാറ്റുന്നു.
എന്നാൽ മാറിയ സാഹചര്യത്തിൽ പോലും രാഘവന് ഒന്നും എഴുതാൻ സാധിക്കുന്നില്ല.
കോർപ്പറേറ്റ് കമ്പനി നൽകിയ ഡെഡ്ലൈൻ അവസാനിക്കുന്നതോടൊപ്പം തന്റെ പ്രതീക്ഷകളും അവസാനിപ്പിച്ചു അഞ്ജലി രാഘവനെ കാണാൻ എത്തുന്നു .എന്നാൽ അപ്രതീക്ഷിതമായി രാഘവൻ തന്റെ ഭൂതകാലത്തെക്കുറിച്ചു എഴുതി പൂർത്തീകരിച്ചിരുന്നു

ആ നിമിഷം സിനിമയിലുടനീളം അഞ്ജലിയോടൊപ്പം പ്രേക്ഷകരും തിരഞ്ഞിരുന്ന രഹസ്യം അഞ്ജലിക്ക് ബോധ്യപ്പെടുകയും അഞ്ജലിയിലുണ്ടാക്കുന്ന ഭാവമാറ്റങ്ങളിലൂടെ പ്രേക്ഷകരിലേക്കു ആ സത്യം എത്തുകയും ചെയ്യുന്നു.
“തനിക്കു മുന്നിൽ തടസമായി നിൽക്കുന്നതെന്തിനെയും പറിച്ചു മാറ്റുന്നതാണ് സ്വാതന്ത്ര്യം” എന്ന രാഘവന്റെ നിർവചനം സത്യമാകും

വിധം അയാളുടെ ജീവിതത്തിനു മുന്നിൽ തടസമായി നിൽക്കുന്ന അഞ്ജലിയെ നിഷ്ഠരുണം കൊല ചെയ്യുകൊണ്ട് , അയാൾ വീണ്ടും ജയിലിലേക്ക് തിരിച്ചു പോകുന്നു.

കർശനമായ നിയന്ത്രണങ്ങൾ കൊണ്ട് ദുസ്സഹം എന്ന് കരുതപ്പെടുന്ന ഒരു സ്ഥലം എല്ലാവർക്കും അങ്ങനെ അല്ലായിരിക്കാം എന്ന് തെളിയിക്കുകയാണ് രാഘവന്റെ തിരിച്ചു പോക്ക്.
സിനിമ അവസാനിക്കുമ്പോൾ താൻ ആരെയും കൊന്നിട്ടില്ല എന്ന രാഘവന്റെ തുറന്നു പറച്ചിലുകൾ എന്തിനായിരുന്നു എന്ന ചോദ്യം പ്രേക്ഷകരിൽ അവശേഷിച്ചേക്കാം.
എന്നാൽ തത്വചിന്ത ഏറെ ഇഷ്ടപ്പെടുന്ന രാഘവൻ താൻ ചെയ്ത കൊലകളുടെയെല്ലാം അടിസ്ഥാന കാരണം താൻ അല്ലെന്നു വിശ്വസിക്കുന്നു.
അയാളുടെ കുറ്റബോധമില്ലാതെയുള്ള പെരുമാറ്റം നമ്മെ അത് വിശ്വസിപ്പിക്കുകയും ചെയ്യുന്നു.
ഉയർന്ന ചിന്താഗതിയും, മാന്യമായ പെരുമാറ്റവുമുള്ളവർ തെറ്റുകൾ ചെയ്യുമോ എന്ന പൊതു ബോധത്തെ തന്നെയാണ് സിനിമ ഇവിടെ ചോദ്യം ചെയ്യുന്നത്.
സംവിധായകൻ ശ്രീ വേണു വിന്റെ രണ്ടാമത്തെ സംവിധാന സംരംഭം ഒട്ടും തന്നെ പ്രേക്ഷകരെ നിരാശപ്പെടുത്തുന്നില്ല.